

**ഓസ്കാർ വൈൽഡ് (1854 – 1930)**

മൊഴിമാറ്റം: **അജി മേലേടത്ത്**

# രാജകുമാരനും മീവൽപക്ഷിയും 2




"എനിക്കതിനു പറ്റില്ല കുമാരാ.. അങ്ങയ്ക്ക് ആകെയുള്ള കണ്ണാണത്. അതുകൂടി ദാനം ചെയ്താൽ അങ്ങ് അന്ധനായിപ്പോകില്ലേ..? പിന്നെ എങ്ങനെയാണ് അശരണരുടെയും പാവപ്പെട്ടവരുടെയും അവസ്ഥ അങ്ങയ്ക്ക് കാണാനാവുക?!"

"എന്റെ ചങ്ങാതീ.. നീ ഞാൻ പറയുന്നത് കേൾക്കൂ. ആ പെൺകുട്ടിയുടെ യജമാനൻ ഒരു ക്രൂരനും കണ്ണിൽചോരയില്ലാത്ത തെമ്മാടിയുമാണ്. തീപ്പെട്ടികൾ നശിപ്പിച്ചതിന് ഇന്ന് ആ പാവം നരകയാതന അനുഭവിക്കും. എനിക്കത് കാണാൻ വയ്യെന്റെ ചങ്ങാതീ..!"

കുമാരന്റെ ഏങ്ങലടി കേട്ട പക്ഷി, പിന്നീടൊന്നുമോർക്കാതെ തന്റെ ലക്ഷ്യം സാധിച്ചു മടങ്ങിവന്ന് പ്രതിമയുടെ കാൽചുവട്ടിലിരുന്നു. കണ്ണുകളില്ലാത്ത രാജകുമാരന്റെ മുഖത്തേക്ക് നോക്കിക്കൊണ്ട് പക്ഷി പറഞ്ഞു:

"ഇനി ഞാൻ അങ്ങയെ വിട്ട് എങ്ങോട്ടുമില്ല. കാഴ്ചയില്ലാത്ത അങ്ങയുടെ കണ്ണുകൾ ഇനി ഞാനായിരിക്കും..!"

"അതു പറ്റില്ല ചങ്ങാതീ, നീ

നിന്റെ ചങ്ങാതിമാർക്കൊപ്പം ചേരണം. നീ യാത്രയായേ പറ്റൂ..!''

പ്രതിമ പറഞ്ഞതൊന്നും കാര്യമാക്കാതെ പക്ഷി കുമാരന്റെ ചുമലിലിരുന്ന് താൻ യാത്രക്കിടയിൽ കണ്ട സുന്ദരമായ കാഴ്ചകൾ ഉൽസാഹത്തോടെ പറയാൻ തുടങ്ങി.

എല്ലാം ശ്രദ്ധയോടെ കേട്ടുകഴിഞ്ഞപ്പോൾ രാജകുമാരൻ പറഞ്ഞു:

''എന്റെ പ്രിയസ്നേഹിതാ, നീ പറഞ്ഞ കാര്യങ്ങൾ ആശ്ചര്യകരമായവ തന്നെ. എന്നാൽ മനുഷ്യന്റെ കഷ്ടപ്പാടുകൾക്കും യാതനകൾക്കും പട്ടിണികൾക്കുമൊക്കെ മീതെ എന്തു കാഴ്ചയാണുള്ളത്?!''

പക്ഷിക്ക് മിണ്ടാട്ടമൊന്നുമില്ലായിരുന്നു.

''ചങ്ങാതീ, ഇന്നു നീ ഈ നഗരമൊന്ന് പറന്നു സഞ്ചരിച്ച് കണ്ട കാഴ്ചകൾ എന്നെ അറിയിക്കൂ..''

അപ്പോൾതന്നെ പക്ഷി നഗരപ്രാന്തത്തിലൂടെ ചുറ്റിയടിച്ചു പറന്ന് കാഴ്ചകൾ ശ്രദ്ധിച്ചു. തിന്നും കുടിച്ചും നൃത്തമാടിയും മണിമാളികകളിലിരുന്ന് ധനികർ ആനന്ദിക്കുമ്പോൾ ഒരുനേരത്തെ ആഹാരത്തിനുവേണ്ടി പാവങ്ങൾ കാത്തുകിടക്കുന്നു.... ചേരികളിൽ വിശന്നുകരയുന്ന, ഉറക്കമില്ലാത്ത കുഞ്ഞുങ്ങൾ!

പാലത്തിനു ചുവട്ടിൽ ചുരുണ്ടുകൂടി ഉറങ്ങുകയായിരുന്ന രണ്ട് അനാഥക്കുട്ടികളെ വിരട്ടിയോടിക്കുന്ന പട്ടാളക്കാർ...

താൻ നഗരത്തിൽ കണ്ട കാഴ്ചകൾ പക്ഷി രാജകുമാരനെ അറിയിച്ചു.

''എന്റെയീ ശരീരം പൊതിഞ്ഞിരിക്കുന്നത് സ്വർണ്ണത്തകിടുകൾ കൊണ്ടാണ്. ഓരോ പാളിയായി നീ അവ ഇളക്കിയെടുത്ത് പാവങ്ങൾക്ക് വിതരണം ചെയ്യൂ. അവർ അൽപനേരമെങ്കിലും സന്തോഷിക്കുമല്ലോ..''

കുമാരന്റെ നിർദ്ദേശം അനുസരിക്കുകയല്ലാതെ പക്ഷിക്കു വേറെ വഴിയില്ലായിരുന്നു.

കുറച്ചു നേരം കഴിഞ്ഞ് പക്ഷി മടങ്ങിവന്നു. അന്നേരം കുമാരനെ കണ്ട പക്ഷിയുടെ കണ്ണുകൾ നിറഞ്ഞൊഴുകി. കണ്ണുകളില്ലാത്ത, സ്വർണ്ണക്കുപ്പായമില്ലാത്ത, വാൾപ്പിടിയിലെ മാണിക്യമില്ലാത്ത, ഒട്ടും ആകർഷകമല്ലാത്ത ഒരു കോലമായി മാറിക്കഴിഞ്ഞിരുന്നു അത്.

രാത്രി ഏറെയായിരുന്നു അപ്പോൾ.

മഞ്ഞിനും അതി ശൈത്യത്തിനും കട്ടികൂടിത്തുടങ്ങിയ ആ രാത്രി തണുത്ത് വിറച്ചുകൊണ്ട് മീവൽപ്പക്ഷി രാജകുമാരന്റെ പാദങ്ങൾക്കിടയിൽ മരവിച്ചിരിപ്പാണ്.

രാജകുമാരനെ ഉപേക്ഷിച്ചുപോകാൻ അവന് മനസ്സുണ്ടായിരുന്നില്ല. നഗരത്തിൽ നിന്ന് വല്ലപ്പോഴും കിട്ടുന്ന ചെറിയ റൊട്ടിക്കഷ്ണമായിരുന്നു അവന്റെ ആകെയുള്ള ഭക്ഷണം. അതാണെങ്കിൽ തുലോം കുറവു മാത്രവും. സ്വന്തം ചിറകുകൾ കൂട്ടിക്കുടഞ്ഞാണ് അവൻ കൊടും തണുപ്പിൽ നിന്ന് അൽപമെങ്കിലും ആശ്വാസം കണ്ടെത്തിയിരുന്നത്.

ശൈത്യം കൊടും തണുപ്പായി മാറുകയായിരുന്നു. പക്ഷിക്ക് അനങ്ങാൻ പോലും വയ്യെന്നായി.

വളരെ പ്രയാസപ്പെട്ട് അവൻ കുമാരന്റെ ചുമലുകളിലിരുന്നുകൊണ്ട് പറഞ്ഞു:

''എനിക്ക് യാത്രാമംഗളങ്ങൾ തരൂ.. എന്റെ പ്രിയ സ്നേഹിതാ.. എനിക്കു പോകാൻ സമയമായിരിക്കുന്നു..!''

''നന്നായി ചങ്ങാതിക്കിളീ.. ഒടുവിൽ നീ നിന്റെ കൂട്ടുകാർക്കരികിലേക്ക് തന്നെ പോകാൻ തീരുമാനിച്ചല്ലോ. നിന്നെ ഇത്രയും നാൾ വൈകിപ്പിച്ചത് ഞാനാണ്. എന്നോട് വിരോധമൊന്നും തോന്നല്ലേ ചങ്ങാതീ...''

''കുമാരാ, ഞാൻ യാത്ര ചോദിച്ചത് എന്റെ ചങ്ങാതിമാർക്കരികിലേക്ക് പോകാനല്ല, മരണത്തിന്റെ ഭവനത്തിലേക്കാണു കേട്ടോ..!''

രാജകുമാരന്റെ ചുണ്ടുകളിൽ അന്ത്യചുംബനമർപ്പിച്ച മീവൽപ്പക്ഷിയുടെ തണുത്ത് മരവിച്ച് ജീവനറ്റ ശരീരം പ്രതിമയുടെ കാൽച്ചുവട്ടിൽ വീണു.

അടുത്ത നിമിഷം പ്രതിമക്കുള്ളിൽ ശക്തമായൊരു പൊട്ടിത്തെറിയുണ്ടായി. ഈയ നിർമ്മിതമായ പ്രതിമയുടെ ഹൃദ

യം നടുവെ പിളർന്നതായിരുന്നു അത്!

അടുത്ത പ്രഭാതത്തിൽ പ്രതിമക്കരികിലൂടെ പോവുകയായിരുന്ന നഗരപിതാവ് രാജകുമാരന്റെ വികൃതമായ രൂപം കണ്ട് അമ്പരന്നു. നഗരത്തിന്റെ സൗന്ദര്യത്തിന് വിഘാതമായി നിൽക്കുന്ന പ്രതിമ പൊളിച്ചുനീക്കി പുതിയത് സ്ഥാപിക്കാൻ അദ്ദേഹം ഉത്തരവ് കൊടുത്തു.

''പ്രതിമക്കു താഴെയിതാ, ഒരു പക്ഷിയുടെ ജഡവും! എന്തൊരു വൃത്തികേട്!''

മേയറും കൗൺസിലർമാരും നെറ്റി ചുളിച്ചുകൊണ്ട് പറഞ്ഞു.

താമസിയാതെ പ്രതിമയെ സ്തൂപത്തിൽ നിന്നിറക്കി പുതിയതൊന്നു പണിയാൻ വലിയൊരു ചൂളയിൽ അതിനെ ഉരുക്കി വാർക്കാൻ തുടങ്ങി.

പ്രതിമയുടെ ദേഹമാകെ ഉരുകി ഒന്നായിച്ചേർന്നെങ്കിലും അതിന്റെ നെടുകെ പിളർന്ന ഈയം കൊണ്ടുള്ള ഹൃദയം മാത്രം അതേപടി നിലനിന്നു.



എത്ര ശ്രമിച്ചിട്ടും ഉരുകാത്ത ഈയത്തകിട് ചൂളയിൽനിന്ന് പുറത്തെടുത്ത് മൂശാരികൾ ചവറ്റുകൊട്ടയിലേക്കെറിഞ്ഞു. അത് ചെന്നുവീണത് മീവൽപ്പക്ഷിയുടെ ജീവനറ്റ ശരീരത്തിലായിരുന്നു.

●●●

സ്വർഗത്തിലിരുന്ന് ഭൂമിയിലെ നൻമതിൻമകൾ വീക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്ന ദൈവം മാലാഖമാരെ അടുത്ത് വിളിച്ചു:

''ആ നഗരത്തിലെ ഏറ്റവും മഹത്തായതും വിലപിടിച്ചതുമായ രണ്ട് വസ്തുക്കൾ കൊണ്ടുവന്ന് ഹാജരാക്കൂ..!''

അവ ഏതായിരിക്കുമെന്ന് ദൈവത്തിനറിയാമായിരുന്നു. നിർദിഷ്ഠ മാലാഖയെ ഒന്നു പരീക്ഷിക്കാൻ കൂടിയായിരുന്നു ആ ദൗത്യം.

വെള്ളിച്ചിറകുകൾ വിടർത്തി ഭൂമിയിലെ തെരുവിലെത്തിയ മാലാഖ മീവൽ പ്പക്ഷിയുടെ ജീവനറ്റ ശരീരവും പ്രതിമയുടെ നെടുകെ പിളർന്ന ഹൃദയവുമായി ദൈവസന്നിധിയിലെത്തി.

ദൈവം സംപ്രീതനായി.

''ഏറ്റവും മഹത്തായ രണ്ട് വസ്തുക്കൾതന്നെ കൊണ്ടുവന്നിരിക്കുന്നു! സ്വാർത്ഥതയില്ലാത്ത മീവൽപ്പക്ഷിയും കരുണയും അനുകമ്പയുമുള്ള രാജകുമാരന്റെ പ്രതിമാഹൃദയവുംതന്നെ നഗരത്തിലെ ഏറ്റവും വിശിഷ്ട വസ്തുക്കൾ..!''

മീവൽപ്പക്ഷിയെയും പ്രതിമാഹൃദയത്തെയും പുനരുജ്ജീവിപ്പിച്ചുകൊണ്ട് ദൈവം പറഞ്ഞു:

''സ്വർഗീയോദ്യാനത്തിൽ ഏവരെയും ആഹ്ലാദിപ്പിക്കുന്ന ഗാനമാലപിച്ചുകൊണ്ട് ഈ പക്ഷി എന്നെന്നും പാറിപ്പറക്കട്ടെ.. ജീവിതത്തിൽ സന്തോഷവാനായ ഈ രാജകുമാരൻ എന്റെ കനകനഗരത്തിൽ എന്നെ സ്തുതിച്ചുകൊണ്ടേയിരിക്കട്ടെ! ഇവർക്കു ലഭിക്കാവുന്ന ഏറ്റവും നല്ല കർമ ഫലമത്രെ ഈ മഹാസൗഭാഗ്യങ്ങൾ!''

*(അവസാനിച്ചു)*